# ഉണ്ണിയേശു

ബിജോയ് ശാമുവേൽ അബുദാബി



ഉണ്ണിയേശുവിനെ കാണാൻ പോയീടാം
ഉല്ലാസത്തോടെ ആ പുൽക്കുടിലിൽ
ഉലകത്തിൻ നിത്യവെളിച്ചമാണീശോ
ഉന്നതത്തിൽ നിന്നും താണിറങ്ങി

ആമോദത്തോടെ അരികിലെത്തിടാം
അനുഗ്രഹങ്ങളാക്കീടാം അനുതാപത്തെയും
ലോകരക്ഷകനെ ചേർന്നു നമിച്ചീടാം
ലോകമോഹങ്ങളെ ഛേദിച്ചീടാം

ആട്ടിടയർ കണ്ടുനമിച്ചാത്യുന്നതനെ
അകകണ്ണാൽ ദർശിച്ചീടാം - മോദമായി
വിദ്വാന്മാർ തേടി വന്ന രക്ഷകനെ
വീര്യത്തോടെ നമിച്ചീടാം - രക്ഷയ്ക്കായി

പിറന്നിടുവാൻ മണ്ണിൽ ഇടമില്ലാതെ
പാറക്കെട്ടിൽ ഭൂജാതനായി ലോകർക്കായി
പാപത്തിൻ പരിഹാരമായി പിറന്നവനെ
പാപികളായ അടിയങ്ങൾ നമിച്ചീടുന്നു



ജനിച്ചീടേണം ഹൃദയത്തിൽ യേശുയെന്നും
വളർത്തീടേണം തിരുവചനശക്തിയിൽ
ചേർത്തീടേണം ശത്രുവിനെയും സ്നേഹത്താൽ
നോക്കിപാർത്തീടാം യേശു മണവാളനെ